പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3705 — 15.12.2014 ൽ മറുപടിയ്ക്ക്

## താൽക്കാലിക നിയമനം ലഭിച്ച അംഗപരിമിതരുടെ സ്ഥിരനിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) 1999 മുതൽ 2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച എത്ര അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) 16.8.99 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ.എസ്& എസ്.എസ്.ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയ ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാർ സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവായിരുന്നു. |
| (ബി) പ്രസ്തുത കാലത്ത് ഒരു വർഷത്തെ കരാർ നിയമനം ലഭിച്ചവർക്ക് ആർക്കെങ്കിലും സ്ഥിരനിയമനം നൽകിയിട്ടുണ്ടോ; | (ബി) 16.8.99 നും 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് കരാർ വ്യവസ്ഥയിൽ എന്നാൽ, നിശ്ചിത ശമ്പള സ്കെയിലിൽ ഒരു വർഷവും അതിൽ കൂടുതൽ ദിവസവും സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/സ്ഥിര നിയമനം നൽകി ഉത്തരവായിരുന്നു. |
| (സി) ഇത്തരത്തിൽ ഒരു വർഷത്തെ കരാർ നിയമനം ലഭിച്ച എത്ര അംഗപരിമിതരുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) വിവിധ ഉത്തരവുകൾ പ്രകാരം ആകെ 97 അംഗപരിമിതർക്ക് നിയമന ഉത്തരവ് നൽകിയിരുന്നു. |
| (ഡി) 2011 ൽ ഇത്തരത്തിൽ ഒരു വർഷത്തെ കരാർ നിയമനം ലഭിച്ച ഉഷ്മിത.ടി എന്നയാളിൽ നിന്നും 15615/ORD/CM/13 നമ്പരായി ലഭിച്ച നിവേദനത്തിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br>(ഇ) മാനുഷിക പരിഗണന നൽകി ഈ അപേക്ഷയിൽ അനുകൂല നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി&ഇ) ശ്രീമതി.ഉഷ്മിത.ടി യിൽ നിന്നും 15615/ORD/CM/13 നമ്പരായി ലഭിച്ച നിവേദനത്തിന്റെ പകർപ്പ് റിപ്പോർട്ടിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ശ്രീമതി.ഉഷ്മിത.ടി പുനർ/സ്ഥിര നിയമനത്തിന് അർഹയായി ജില്ലാതല ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ചട്ടങ്ങൾക്കനുസൃതമായി നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ